"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.മണികണ്ഠൻ.എ.(അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി)-കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.821/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/05/2020**

| | | |
|---|---|---|
| പരാമർശം:- | 1 | 10/05/2013-ലെ 42/2013/ധന നം.സർക്കുലർ. |
| | 2 | 28/11/2013-ലെ സ.ഉ.(പി)നം.580/13/ധന. |
| | 3 | 17/12/2016-ലെ സ.ഉ.(സാധാ)നം.3445/2016/തസ്വഭവ. |
| | 4 | 26/04/2018-ലെ സ.ഉ.(സാധാ)നം.1184/2018/തസ്വഭവ. |
| | 5 | 03/09/2016-ലെ സ.ഉ.(സാധാ)നം.1911/2019/തസ്വഭവ. |
| | 6 | കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/02/2020-ലെ 11564/ഇ1/2017/കെഎസ്എച്ച്ഒ നമ്പർ കത്ത്. |

## ഉത്തരവ്

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീ.മണികണ്ഠൻ.എ.-യെ പരാമർശം (3)-ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് പരാമർശം (4), (5)-ലെ സർക്കാർ ഉത്തരവുകൾ പ്രകാരം അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി.

2)ടിയാളുടെ അന്യത്രസേവന കാലാവധി 06/01/2020-ൽ അവസാനിച്ച സാഹചര്യത്തിൽ 07/01/2020 മുതൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ്സെക്ഷൻഓഫീസറായശ്രീ.മണികണ്ഠൻ.എ.-യുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും, പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 07/01/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ശ്രീ.മണികണ്ഠൻ.എ.(രജിസ്ട്രാർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി മുഖേന)
രജിസ്ട്രാർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ/എൽബിഎ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം..
കരുതൽ ഫയൽ/ഓഫീസ് കോപ്പി,

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature valid

Digitally signed by SHANTHA KUMARI P
Date: 2020.05.05 12:30:47 IST
Reason: Approved